**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1447** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് മൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമായി വരുന്ന പക്ഷം മാത്രമാണ് ആയത് ആവശ്യപ്പെടുന്നത്.

**(ബി)** അപേക്ഷകൾ വില്ലേജ് ഓഫീസർ വരുമാനമുൾപ്പടെ പരിശോധിക്കുന്നത് കൂടാതെ പ്രത്യേകം വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കുന്നത് ഒഴിവാക്കാൻ നിർദ്ദേശിക്കുമോ?

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമായി വരുന്ന പക്ഷം മാത്രമാണ് ആയത് ആവശ്യപ്പെടുന്നത്.

**സെക്ഷൻ ഓഫീസർ**